# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 522

06.02.2013 ൽ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ

**ചോദ്യം**

ശ്രീ. കെ. ദാസൻ

കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാന്റെ ഘടനയും പ്രവർത്തനവും അധികാരങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

ബാങ്കിംഗ് ബിസിനസ്സിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾ നൽകുന്ന സേവനങ്ങളിലെ പോരായ്മകൾ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69 എ പ്രകാരം രൂപീകൃതമായിട്ടുള്ളതാണ് സഹകരണ ഓംബുഡ്സ്മാൻ.

ബാങ്കിംഗ് , സഹകരണ മേഖലയിലെ പരിചയവും വൈദഗ്ദ്ധ്യവും മാനേജ്മെന്റിലോ, നിയമത്തിലോ ഉള്ള ബിരുദം എന്നിവയുള്ള വ്യക്തിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി 2010 ൽ നിലവിൽ വന്നു. ടി സ്കീം പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിനായി ഒരു ഓംബുഡ്സ്മാന് തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നു. ലഭിക്കുന്ന പരാതികളിന്മേൽ, ഓംബുഡ്സ്മാന് എല്ലാ കക്ഷികളുടെയും ഉഭയ സമ്മത പ്രകാരം സെറ്റിൽമെന്റ് ഉടമ്പടി രൂപീകരിക്കാവുന്നതും, ഇപ്രകാരം കഴിയാതെ വരുന്ന പക്ഷം പരാതിയിൽ ഉൾപ്പെടുന്നവർക്ക് അവരുടെ ഭാഗം പറയാൻ അവസരം നൽകിക്കൊണ്ട് 15 ദിവസത്തിനുള്ളിൽ, പരമാവധി ഒരു മാസത്തിനകം അന്തിമ തീർപ്പ് ഉത്തരവ് നൽകാവുന്നതാണ്. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് അല്ലെങ്കിൽ സെറ്റിൽമെന്റ് ഉടമ്പടി, ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 76 പ്രകാരം എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഓംബുഡ്സ്മാന്റെ പരിഗണനയിൽ വരുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1 ഓഹരി, നിക്ഷേപം, വായ്പകൾ, എന്നിവ നൽകാതിരിക്കൽ, അകാരണമായ കാലതാമസം വരുത്തൽ

2 ചെക്ക്/ബിൽ എന്നിവ കളക്ട് ചെയ്തു നൽകാതിരിക്കൽ, അകാരണമായ കാലതാമസം വരുത്തുക

3 നിശ്ചയിച്ചിട്ടുള്ള പ്രവർത്തി സമയം പാലിക്കാതിരിയ്ക്കുക

4 നിക്ഷേപ വായ്പ ഇടപാട് ഉൾപ്പെടെയുള്ള ബാങ്കിംഗ് സേവനം നൽകുന്നതിൽ ഉപേക്ഷ, നൽകാതിരിക്കൽ, അകാരണമായ കാലതാമസം വരുത്തൽ, വായ്പാ അപേക്ഷ സ്വീകരിച്ച ശേഷം വായ്പ അനുവദിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തൽ, അന്യായമായ കാരണത്താൽ വായ്പാ അപേക്ഷ നിരസിയ്ക്കുക.

5 സഹകരണ സംഘം രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുള്ള പലിശ നിരക്ക്, നിക്ഷേപങ്ങൾക്കും, വായ്പകൾക്കും പാലിക്കാതിരിയ്ക്കുക.

6 നിക്ഷേപങ്ങളേയും, വായ്പകളേയും ബാങ്കിംഗ് ഇടപാടുകളേയും സംബന്ധിച്ചുള്ള വിദേശ മലയാളികളുടെ പരാതികൾ

7 നിക്ഷേപ അക്കൗണ്ട് ആരംഭിക്കുന്നത് അന്യായമായ കാരണത്താൽ നിരസിയ്ക്കുക.

8 ഇടപാടുകാരനെ മുൻകൂട്ടി അറിയിക്കാതെ അധിക ചാർജ്ജ് ചുമത്തുക

9 സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ, രജിസ്ട്രാറുടെ അനുവാദമില്ലാതെ അധികരിച്ച് ഇൻഷ്വറൻസ്, വായ്പാ അപേക്ഷാ ഫീസ്, അപ്രൈസിംഗ് ഫീസ്, വാല്യൂവേഷൻ ഫീസ്, ഗഹാൻ എഴുത്തുകൂലി, മറ്റ് പ്രമാണങ്ങളുടെ എഴുത്ത്കൂലി എന്നിവ ഈടാക്കുക.

10 പെൻഷൻ നൽകാതിരിക്കൽ, പെൻഷൻ വിതരണത്തിലെ കാലതാമസം

11 നിക്ഷേപ അക്കൗണ്ട്, അറിയിപ്പ് നൽകാതെയും, ന്യായ കാരണങ്ങൾ ഇല്ലാതെയും നിർബന്ധപൂർവ്വം അവസാനിപ്പിയ്ക്കുക.

12 അക്കൗണ്ട് അവസാനിപ്പിക്കാനുള്ള അപേക്ഷ നിരസിക്കൽ, കാലതാമസം വരുത്തൽ

13 എ.റ്റി.എം., ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് എന്നിവയുടെ പോരായ്മകളെ സംബന്ധിച്ച്

14 സഹകരണ സംഘങ്ങൾ നടത്തുന്ന വ്യാപാരം സംബന്ധിച്ചും നൽകുന്ന സേവനങ്ങളെ സംബന്ധിച്ചുമുള്ള പരാതിയിന്മേൽ സഹകരണ സംഘം രജിസ്ട്രാറോ, രജിസ്ട്രാറുടെ അധികാരം ഉപയോഗിച്ച് മറ്റൊരു വകുപ്പ് ഉദ്യോഗസ്ഥനോ പുറപ്പെടുവിക്കുന്ന ഉത്തരവ് പാലിക്കാതിരിയ്ക്കുക.

പരാതികൾ നേരിട്ടോ, അധികാരപ്പെടുത്തിയ പ്രതിനിധിയോ (അഡ്വക്കേറ്റ് ഉൾപ്പെടെ) മുഖാന്തിരം തപാൽ മുഖേനയോ, നേരിട്ടോ, ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി, ഫീസിനത്തിൽ 50/- രൂപ 0425-00-800-93 എന്ന ശീർഷകത്തിൽ ട്രഷറിയിലൊടുക്കിയതിന്റെ അസ്സൽ ചെലാൻ രസീത് സഹിതമോ, അല്ലെങ്കിൽ ഓഫീസിൽ നേരിട്ടടച്ച്, രസീത് പകർപ്പ് സഹിതമോ സമർപ്പിക്കേണ്ടതാണ്.

ചുവടെ ചേർക്കുന്നവ ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വരാത്ത പരാതികളാണ്.

1 പരാതിയിലെ വിഷയവും, പരാതിയിൽ ഉൾപ്പെട്ട കക്ഷികളും മുൻപ് ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടെങ്കിൽ

2 പരാതിയിൽ ഉൾപ്പെട്ടിട്ടുള്ള വിഷയം ഓംബുഡ്സ്മാൻ മുൻപ് തീർപ്പാക്കിയതാണെങ്കിലും, പരിഗണനയിലുള്ളതാണെങ്കിലോ, സിവിൽ കോടതിയോ, ലേബർ കോടതിയോ മുൻപ് തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെങ്കിലോ

3 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69, 70, 82 പ്രകാരം ഫയൽ ചെയ്തിട്ടുള്ള വിഷയത്തെ

സംബന്ധിച്ചതാണെങ്കിൽ

4 കാര്യഗൗരവമില്ലാത്തതോ, ദോഷകരമായതോ ആയ പരാതി ആണെങ്കിൽ

5 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69 പ്രകാരമുള്ള തർക്കമോ, വകുപ്പ് 82, 83 പ്രകാരമുള്ള അപ്പീലോ, ആണെങ്കിൽ

6 അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വിഷയമാണെങ്കിൽ.

സെക്ഷൻ ഓഫീസർ